## പോലീസ് വകുപ്പ്
## കേരളം

**No. G2-21414/2020/MM**

ജില്ലാ പോലീസ് ഓഫീസ്,
മലപ്പുറം
ഡി പി ഒ റോഡ് മലപ്പുറം
പിൻകോഡ് :676505
spmpm.pol@kerala.gov.in
04832734983
തീയതി. 23-04-2026

**പുനർലേല പരസ്യം**

മലപ്പുറം ജില്ലയിലെ മേലാറ്റൂർ പോലീസ് സ്റ്റേഷൻ പരിസരത്തുള്ള ഉപയോഗ ശൂന്യമായ 11 പഴയ കാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിനായി 15.05.2026 തിയതി രാവിലെ 11 മണിക്ക് മേലാറ്റൂർ പോലീസ് സ്റ്റേഷൻ പരിസരത്തു വച്ച് പരസ്യമായി പുനർലേലം ചെയ്തു നൽകുന്നതാണ്.

**നിബന്ധനകൾ**

1 ലേലത്തിൽ പങ്കുടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാവേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ്, നിശ്ചിത നിരതദ്രവ്യമായി Rs.10000/- (പതിനായിരം രൂപ മാത്രം) കേട്ടിവേക്കെണ്ടതും , അവരുടെ തിരിച്ചറിയൽ രേഖകളും, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖകളും ലേലം തുടങ്ങുന്നതിനു മുമ്പു തന്നെ, ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ, സീൽ ചെയ്ത ദർഘാസുകൾ തപാൽ മാർഗ്ഗമോ നേരിട്ടോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ചതിൻറെ Demand Draft സഹിതം (ജില്ലാ പോലീസ് മേധാവിയുടെ പേരിൽ ) 14.05.2026 തിയ്യതി വൈകിട്ട് 5 മണിവരെ മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതുമാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "മലപ്പുറം ജില്ലാ പോലീസ്, മേലാറ്റൂർ പോലീസ് സ്റ്റേഷൻ വക സ്ഥലത്തെ 11 പഴയ കാർട്ടേഴ്സ് കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനുള്ള ദർഘാസ് "എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണ് കൂടുതൽ തുക, ആയതിനു താൽക്കാലികമായി ലേലം ഉറപ്പിക്കുന്നതാണ്.

2. ലേലം കൊണ്ടയാൾ നിരത ദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതിയും മുഴുവൻ തുകയുടെ നിയമാനുസൃതമായ നികുതികളും (GST, IT) ലേല ദിവസം തന്നെ അടച്ച രസീതി കൈപ്പറ്റേണ്ടതാണ്.

3. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം (ലേലം കൊണ്ടയാളുടെതൊഴികെ) ലേലം കഴിഞ്ഞ ഉടനെ തന്നെ തിരിച്ചു നൽകുന്നതാണ്.

4. ലേലം കൊണ്ടയാൾ, ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ബാക്കി തുക അടച്ച്, പത്ത് ദിവസത്തിനകം കെട്ടിടങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പൊളിച്ച് മാറ്റി സാധനസാമഗ്രഹികൾ ടി സ്ഥലത്തുനിന്നു പൂർണമായി നീക്കം ചെയ്യേണ്ടതാണ്.

5. ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം പുനർ ലേലം നടത്തുന്നതും പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുന്ന പക്ഷം ടി നഷ്ടം മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. പുനർലേലത്തിൽ അധികതുക ലഭിക്കുകയാണെങ്കിൽ ആയതിനു മുൻ ലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

6. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോട് കൂടി പ്രവൃത്തി ദിവസങ്ങളിൽ ലേലം വിളിക്കപ്പെടുന്ന കെട്ടിടങ്ങൾ നേരിട്ടു കാണാവുന്നതാണ്.

7. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം മാറ്റി വെക്കാനും അസ്ഥിരപ്പെടുത്തുവാനുമുള്ള അധികാരം മലപ്പുറം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

ചൈത്ര തെരേസ ജോൺ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | 1) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, കമണ്ടാൻ്റ് മാർക്കും, അറിവിനും വ്യാപക പരസ്യം നൽകുന്നതിനുമായി. 2) മലപ്പുറം, ജില്ലാ ഇൻഫർമേഷൻ ആഫീസർക്ക് ( ഉപരി പത്രം സഹിതം ) പത്ര പരസ്യം നൽകുന്നതിനായി. |
| പകർപ്പ് | : | ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിനും വ്യാപകമായ പരസ്യം ചെയ്യുന്നതിനുമായി. ലേലം കമ്മറ്റിയുടെ അറിവിനും തുടർ നടപടികൾക്കുമായി. ജില്ലാ പോലീസ് മേധാവിയുടെ സി എ ക്കു അറിവിലെക്കായ്. ലൈസൻ ആഫീസർക്ക് അറിവിനും തുടർ നടപടികൾക്കുമായി. |